# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 02.06.2026**

## പ്രധാനവാർത്തകൾ

1. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും സാമൂഹികവും സാമ്പത്തികവുമായി മുന്നേറുമ്പോൾ മാത്രമേ യഥാർത്ഥ വികസനം സാധ്യമാകൂ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
2. അഗസ്ത്യാർകൂട വനമേഖലയിലെ കയ്യേറ്റം അടിയന്തരമായി ഒഴിപ്പിക്കാൻ സുപ്രീം കോടതി ഉത്തരവ്. കയ്യേറ്റം നടത്തിയ 118 ഉദ്യോഗസ്ഥർക്കെതിരെ നടപടിക്കും കോടതി നിർദ്ദേശം.
3. കേരളത്തിൽ നിന്ന് ലഹരി ശൃംഖലയെ തുരത്താൻ ഒറ്റ ക്കെട്ടായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ.
4. കുടിയൊഴിപ്പിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കു മെന്ന് മലയിടം തുരുത്ത് വിഷയത്തിൽ നിയമസഭയിൽ സർക്കാരിൻറെ ഉറപ്പ്.
5. കേരളത്തിൽ തെക്ക് പടിഞ്ഞാറൻ കാലവർഷം വ്യാഴാഴ്ച യോടെ; വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യത. കേരള, കർണാടക തീരങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്ക്.
6. ഇന്ത്യ - ഇംഗ്ലണ്ട് വനിത ട്വൻറി - 20 പരമ്പരയിലെ മൂന്നാം മത്സരം രാത്രി 11 മണിക്ക് ഇംഗ്ലണ്ടിൽ.

RNU TVPM

## രാഷ്ട്രപതി ദ്രൗപദി മുർമു (ഇൻട്രോ)

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും സാമൂഹികവും സാമ്പത്തികവുമായി മുന്നേറുമ്പോൾ മാത്രമേ യഥാർത്ഥ വികസനം സാധ്യമാകൂ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ കേന്ദ്ര സർക്കാരിന്റെ സ്കോളർഷിപ്പ് നേടിയ ഗോത്രവർഗ്ഗ വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു രാഷ്ട്രപതി. ഗോത്രവർഗ്ഗ യുവതയുടെ ശാക്തീകരണത്തിനായി കേന്ദ്രസർക്കാർ നിരവധി പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു.

(വോയ്സ്)

## അഗസ്ത്യാർകൂടം

അഗസ്ത്യാർകൂടം പരിസ്ഥിതി മേഖലയിലെ വനം കൈയേറ്റങ്ങൾ സമയ ബന്ധിതമായി ഒഴിപ്പിക്കാൻ കേരള, തമിഴ്നാട് സർക്കാരുകൾക്ക് സുപ്രീം കോടതി നിർദേശം നൽകി. കൈയേറ്റക്കാരാണെന്ന് കണ്ടെത്തിയ നിലവിലുള്ളതും വിരമിച്ചതുമായ 118 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അടിയന്തര നിയമനടപടി സ്വീകരിക്കാനും ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ച് ഉത്തരവിട്ടു. പതിറ്റാണ്ടുകളായി തുടരുന്ന കൈയേറ്റങ്ങൾ പൂർണ്ണമായി ഒഴിപ്പിക്കുന്നതിനൊപ്പം, പ്രദേശത്തെ വനമേഖലയും പരിസ്ഥിതിയും പുനഃസ്ഥാപിക്കാനുള്ള സമഗ്രമായ പദ്ധതി നടപ്പാക്കണമെന്നും കോടതി നിർദ്ദേശിച്ചു.

RNU TVPM

## ഓപ്പറേഷൻ തൂഫാൻ (ഇൻട്രോ )

കേരളത്തിൽ നിന്ന് ലഹരി ശൃംഖലയെ തുരത്താൻ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. നാടിനെ പുരോഗതിയിലേക്കു നയിക്കേണ്ട യുവജനങ്ങളെ വഴിതെറ്റിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത് മയക്കുമരുന്നു വ്യാപനമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ലഹരിക്കെതിരായി സംസ്ഥാന ആഭ്യന്തര വകുപ്പ് ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ; The Narco Hunt' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു ശ്രീ  വി. ഡി. സതീശൻ.

(ഹോൾഡ് വോയിസ്)
തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ നടന്ന ചടങ്ങിൽ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്ത ല അദ്ധ്യക്ഷത വഹിച്ചു. മന്ത്രിമാരായ കെ. മുരളീധരൻ, സി.പി. ജോൺ, എൻ ഷംസുദ്ദീൻ, എം ലിജു, ശശി തരൂർ എംപി, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ തുടങ്ങിയവർ പങ്കെടുത്തു.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

## ഓപ്പറേഷൻ തൂഫാൻ - രമേശ് ചെന്നിത്തല

കേരളത്തെ മയക്കുമരുന്നിൻറെ പിടിയിൽ നിന്ന് മോചിപ്പിക്കാനുള്ള വലിയ ദൗത്യത്തിനാണ് ഓപ്പറേഷൻ തൂഫാനിലൂടെ തുടക്കമിടുന്നതെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. അന്തർ സംസ്ഥാന ലഹരി മാഫിയകളുടെ കണ്ണികളെ തകർക്കുമെന്നും മന്ത്രി വ്യക്തമാക്കി.

RAJU TVPM

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

## ഡെപ്യൂട്ടി സ്പീക്കർ

പതിനാറാം കേരള നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാനെ തിരഞ്ഞെടുത്തു. കോൺഗ്രസിലെ ഷാനിമോൾ ഉസ്മാനും സിപിഐയിലെ മുഹമ്മദ് മൊഹ്സിനും തമ്മിലായിരുന്നു മത്സരം. ഷാനിമോൾ ഉസ്മാനു 99 വോട്ടും മുഹമ്മദ് മൊഹ്സിനു 34 വോട്ടും ലഭിച്ചു. മൂന്നര പതിറ്റാണ്ടിന് ശേഷമാണ് ഒരു വനിത ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് എത്തുന്നത്.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

## അടിയന്തര പ്രമേയം

വിലക്കയറ്റവുമായി ബന്ധപ്പെട്ട് നിയമസഭയിൽ പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചു. കെ.എൻ.ബാലഗോപാലാണ് നോട്ടീസ് നൽകിയത്. പെട്രോളിയം വില വർധന ഉൾപ്പടെ ജനജീവിതം ദുഷ്കരമാക്കിയതായി പ്രതിപക്ഷം കുറ്റ പ്പെടുത്തി. പാചകവാതക വില വർധനവിൽ സംസ്ഥാനത്തെ 70,000 ത്തോളം ഹോട്ടലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന് പ്രതിപക്ഷ

നേതാവ് പിണറായി വിജയൻ പറഞ്ഞു. ഇന്ധന വിലവർധനയിൽ സർക്കാർ പരിശോധിച്ച്, നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ സഭയിൽ വ്യക്തമാക്കി. അടിയന്തര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

## നിയമസഭ - ശ്രദ്ധ ക്ഷണിക്കുന്നു

കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നിലപാടെന്ന് റവന്യൂ മന്ത്രി എ.പി അനിൽകുമാർ നിയമസഭയെ അറിയിച്ചു. കോടതി ഉത്തരവിനെ തുടർന്ന് എറണാകുളം മലയിടംതുരുത്തിൽ ഏഴ് പട്ടികജാതി കുടുംബങ്ങളെ കുടിയൊഴിപ്പിക്കുന്ന തുമായി ബന്ധപ്പെട്ട് വി.പി. സജീന്ദ്രൻ ഉന്നയിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടി നൽകുകയായിരുന്നു മന്ത്രി. ഈ കുടുംബങ്ങളെ സർക്കാർ കൈയൊഴിയില്ലെന്നും, ഇവർക്ക് ഭൂമിയും വീടും നൽകുമെന്നും മുഖ്യമന്ത്രി വി.ഡി. സതീശനും സഭയിൽ വ്യക്തമാക്കി.

RNU TVPM

## നെല്ല് സംഭരണം

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി വി ഡി സതീശൻറെ അധ്യക്ഷതയിൽ ബാങ്കിംഗ് പ്രതിനിധികളുടെ യോഗം ചേർന്നു. നെല്ല് സംഭരണ ശേഷം കർഷകർക്ക് ലഭിക്കുന്ന തുകയുടെ വിതരണത്തിലെ കാലതാമസം മറികടക്കുന്നതിനുള്ള നിർദേശങ്ങളും കർഷകർക്ക് പ്രയാസം കൂടാതെ തുക ലഭ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളും യോഗത്തിൽ ചർച്ച ചെയ്തു.

## കാലാവസ്ഥ

കേരളത്തിൽ തെക്ക് പടിഞ്ഞാറൻ കാലവർഷം വ്യാഴാഴ്ചയോടെ എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജൂൺ നാലോടെ ലക്ഷദ്വീപ്, കേരളം, തമിഴ്നാട് എന്നിവിടങ്ങളിൽ കാലവർഷം വ്യാപിക്കും. വരും ദിവസ ങ്ങളിൽ സംസ്ഥാനത്ത് പരക്കെ മഴ ലഭിക്കുമെന്നാണ് കാലാവസ്ഥാ പ്രവചനം. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ എന്നീ ജില്ലകളിൽ

നാളെ ഓറഞ്ച് ജാഗ്രതയാണ്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## വനിത ട്വൻറി - 20 പരമ്പര

ഇന്ത്യ - ഇംഗ്ലണ്ട് വനിത ട്വൻറി - 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഇംഗ്ലണ്ടിലെ ടൗൺടണിലുള്ള കൗണ്ടി ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം രാത്രി 11 മണിക്കാണ് മത്സരം. ആദ്യ മത്സരം ഇന്ത്യയും രണ്ടാം മത്സരം ഇംഗ്ലണ്ടും ജയിച്ചതോടെ ഇന്നത്തെ വിജയികൾ പരമ്പര സ്വന്തമാക്കും.

## മലങ്കര ജലാശയം (ഇൻട്രോ)

അമിതമായ തോതിൽ ചെളിയും മണലും നിറഞ്ഞ് പ്രളയഭീതി ഉയർത്തി ഇടുക്കി മലങ്കര ജലാശയം. അണക്കെട്ടിന്റെ സുരക്ഷയെയും സംഭരണ ശേഷിയെയും ബാധിക്കുന്ന ഈ വിഷയത്തിൽ അടിയന്തിര പരിഹാരം വേണമെന്ന ആവശ്യം ശക്തമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ല പ്രതിനിധി രതീഷ് കൃഷ്ണ

(വോയ്സ്)

RNU TVPM

## ദേശീയ പഞ്ചായത്ത് അവാർഡ്

2025 ലെ ദേശീയ പഞ്ചായത്ത് അവാർഡ് ദാന ചടങ്ങ് നാളെ ന്യൂഡൽഹി യിൽ നടക്കും. രാജ്യത്തുടനീളമുള്ള 42 മികച്ച പഞ്ചായത്തുകൾക്ക് അവാർഡുകൾ സമ്മാനിക്കും.

## കവരത്തി ദ്വീപ്

കവരത്തി ദ്വിപിൽ റോഡരികിലെ തെങ്ങുകൾ ഭൂഉടമകളുടെ അനുവാദ മില്ലാതെ മുറിച്ചുനീക്കുന്നതിനെതിരെ പ്രതിഷേധിച്ചവരെ പൊലീസ് അറസ്റ്റ്

ചെയ്ത് നീക്കി. ലക്ഷദ്വീപിലെ വീതി കുറഞ്ഞ റോഡുകളുടെ അരികിൽ നിൽക്കുന്ന തെങ്ങുകൾ കാൽനടയാത്രക്കാർക്കും വാഹനയാത്രക്കാർക്കും ഒരുപോലെ അപകടഭീഷണി ഉയർത്തുന്നുവെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് മരങ്ങൾ മുറിച്ചുനീക്കുന്നതെന്ന് അധികൃതർ അറിയിച്ചു.

## സി ബി എസ്സ് ഇ

വിദ്യാർഥികൾക്ക് ഉത്തര കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകളിലെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പുനർമൂല്യനിർണ്ണയത്തിനുമുള്ള പോർട്ടൽ പ്രവർത്തനക്ഷമമാക്കിയതായി CBSE. ഈ മാസം 6 വരെ വിദ്യാർഥികൾക്ക് ഈ പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. മൂല്യനിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പ് ഇതിനകം കൈപ്പറ്റിയിട്ടുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സൗകര്യം പ്രയോജനപ്പെടുത്താൻ സാധിക്കൂ.

RNU TVPM

## നീറ്റ് കസ്റ്റഡി

നീറ്റ് ചോദ്യപേപ്പർ ചോർച്ച കേസിലെ അഞ്ച് പ്രതികളുടെ ജുഡീഷ്യൽ കസ്റ്റഡി ഈ മാസം 15 വരെ ഡൽഹി കോടതി നീട്ടി. കസ്റ്റഡി നീട്ടണമെന്ന സിബിഐയുടെ അപേക്ഷ പ്രത്യേക ജഡ്ജി അജയ് ഗുപ്ത അനുവദിച്ചു. കേസിൽ ഇതുവരെ 13 പ്രതികളെ സിബിഐ അറസ്റ്റ് ചെയ്തിട്ടുണ്ട്. ചോദ്യ പേപ്പർ ചോർച്ചയെ തുടർന്ന് മെയ് 3 ന് നടന്ന നീറ്റ് പരീക്ഷ എൻടിഎ റദ്ദാക്കിയിരുന്നു. ജൂൺ 21 നാണ് പുനഃപരീക്ഷ.

## ഉത്തരാഖണ്ഡ് ഗോൾഡ് കപ്പ് ക്രിക്കറ്റ്

ഡെറാഡൂൺ - ഉത്തരാഖണ്ഡ് ഗോൾഡ് കപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ ഗോവയ്ക്കെതിരെ ഉജ്ജ്വല വിജയവുമായി കേരളം. 19 റൺസിനായിരുന്നു കേരളത്തിന്റെ വിജയം.

## ദേവസ്വം വകുപ്പ്

ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ പരിസരം ഹരിതാഭമാക്കാൻ പദ്ധതിയുമായി ദേവസ്വം വകുപ്പ്. 'ദേവാരണ്യം' എന്ന് പേരിലുള്ള പദ്ധതിക്ക് പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് തുടക്കമാകും. വിവിധ ദേവസ്വം ബോർഡുകളുടെയും ക്ഷേത്രോപദേശക സമിതികളുടെയും വനം വകുപ്പിന്റെയും ഭക്തജനങ്ങളുടെയും സഹകരണത്തോടെയാകും പദ്ധതി നടത്തിപ്പ്.

RNU TVPM